ണങ്ങളും എല്ലാം ശ്രദ്ധിക്കുകയും ചെയ്യുന്നു. ദൈവത്തിന് മനസ്സിലാകാത്ത ഒരു കാര്യവും ഇല്ല. (സർവ്വജ്ഞാനി) മനുഷ്യനെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുകയും മരണാനന്തരം നിത്യത നൽകുവാനും ഭൂമിയിൽ സമാധാന പൂർണ്ണമായ ജീവിതം നൽകുവാനും പ്രാർത്ഥനക്ക് മറുപടി നൽകുവാനും മനുഷ്യരുടെ ഹൃദയത്തെ ആശ്വാസം കൊണ്ട് നിറക്കുവാനും പ്രാപ്തിയുള്ള ഒരുആളായി വി. ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തി കർത്താവായ യേശുക്രിസ്തു മാത്രം. അവിടുന്ന് സർവ്വശക്തനും സർവ്വവ്യാപിയും സർവ്വ ജ്ഞാനിയും ആണെന്ന് സത്യവേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു തന്നെയാണ് യേശുക്രിസ്തുവിന്റെ നാമത്തിൽ ഒരേ സമയത്ത് ലോകത്തിന്റെ ഏതു കോണിലും കൂടിയിരുന്നു പ്രാർത്ഥിക്കുമ്പോൾ അത്ഭുതങ്ങളും അടയാളങ്ങളും, രോഗസൗഖ്യങ്ങളും നടക്കുന്നതും. അതുകൊണ്ടുതന്നെയാണ് യേശുവിനെ ദൈവം എന്ന് വിശ്വസിക്കുകയും വിളിക്കുകയും ചെയ്യുന്നത്. ഏതൊരു മനുഷ്യനും മരണവും മരണാനന്തര ജീവിതവും ഉറപ്പായ യാഥാർത്ഥ്യമാണ്. യേശു പറഞ്ഞു ഞാൻ മരിച്ചുപോയ ദൈവമല്ല എന്നേക്കും ജീവിക്കുന്നവനാണ്. എന്റെ സംവത്സരങ്ങൾക്ക് അവസാനമില്ല.

"യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാനസാന്തരപ്പെട്ട് പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് ക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ച് ഒരു ദൈവപൈതലായി മാറി നിങ്ങൾക്കും നിത്യത ഉറപ്പിക്കാം."

"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണുവാൻ ഇടയാകും."

ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ !!


കൂടുതൽ വിവരങ്ങൾക്ക്,
**മലങ്കര ക്രിസ്ത്യൻ ചർച്ച് കോട്ടപ്പുറം,**
**രാമമംഗലം**
**9447671477, 9846616536**



**ലഹരി വിമോചനധ്യാനം**
**ഫോൺ : 9400566340**





ദൈവത്തെ തിരയുന്നവർക്കായി?

മനുഷ്യഹൃദയങ്ങളിൽ എന്നും ദൈവത്തെക്കുറിച്ച് ഒരു മനോബോധം ഉണ്ട്. തങ്ങളുടെ പ്രശ്നങ്ങളിലും പ്രതിസന്ധിഘട്ടത്തിലും ഏത് ആവശ്യങ്ങളുടെ സമയങ്ങളിലും സഹായിക്കുവാൻ കഴിയുന്ന ഒരു വ്യക്തി എന്ന നിലയിലാണ് മനുഷ്യൻ ദൈവത്തെ ഓർമ്മിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത്. ദൈവം ഇല്ലാ എന്ന് വിശ്വസിക്കുന്നവരെക്കാൾ ദൈവം ഉണ്ട് എന്ന് വിശ്വസിക്കുന്നവരാണ് ലോകത്ത് കൂടതൽ പേരും. ദൈവത്തെ മാറ്റി നിർത്തി ജീവിതം മുന്നോട്ട് കൊണ്ടുപോകുക എന്നത് മനുഷ്യന് അസാദ്ധ്യമാണ്. നമ്മുടെ ഈ ജീവിതകാലത്തിനിടയിൽ ഒരുപാട് ദൈവാലയങ്ങളിൽ പോകുകയും കണ്ണുനീരോടുകൂടി നാം പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ആഗ്രഹങ്ങളിൽ പലതും സഫലമാകുകയും ചിലത് പൂർത്തീകരിക്കപ്പെടാതെയും പോയിട്ടുണ്ട്. എന്നാൽ നമ്മുടെ സൃഷ്ടാവാം ദൈവത്തെ യാഥാർത്ഥ്യമായി ഒന്ന് അറിയണമെന്ന് ആഗ്രഹിച്ചിട്ടുണ്ടോ? ആരാണ് ദൈവം? ആരെയാണ് ഞാൻ ദൈവം എന്ന് അംഗീകരിക്കേണ്ടതും വിശ്വസിക്കേണ്ടതും.

ഒരു വ്യക്തിയെ ദൈവം എന്ന് ഉറപ്പിച്ചുപറയണമെങ്കിൽ ആ വ്യക്തിക്ക് ചുരുങ്ങിയത് മൂന്നുവിധ ശ്രേഷ്ഠതകൾ എങ്കിലും ഉണ്ടായിരിക്കണം.

**ഒന്ന്. ദൈവം എന്ന് വിളിക്കപ്പെടുന്ന വ്യക്തി സർവ്വശക്തനായിരിക്കണം.**

തന്നോട് പ്രാർത്ഥിക്കുന്ന മനുഷ്യരെ അവരുടെ ഏത് അവസ്ഥയിലും സഹായിക്കാൻ കഴിയുന്നവൻ, ദു:ഖത്തിലും, പ്രയാസത്തിലും, കണ്ണുനീരിന്റെ നടുവിലും പരിഹാരം കാണുവാൻ കഴിയുന്നവനുമായിരിക്കണം, സകലവും സൃഷ്ടിപ്പാൻ കഴിയുന്നവനാകണം. ഉൽപ്പത്തി 1:1 ൽ ഇങ്ങനെകാണുന്നു. ദൈവം ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചു ഒന്നും ഇല്ലായ്മയിൽ നിന്ന് എല്ലാം ഉളവാക്കുവാൻ കഴിയുന്നവൻ. (സർവ്വശക്തൻ) മനുഷ്യവർഗ ത്തിന്റെ പാപങ്ങളെ ക്ഷമിച്ച് അവനെമരണത്തിൽ നിന്നും രക്ഷിപ്പാൻ കഴിയു ന്നവനും മരണാനന്തരം മനുഷ്യനെഉയർപ്പിച്ച് നിത്യത നൽകുവാൻ കഴിയുന്ന വനുമായിരിക്കണം ദൈവം.

"യെശയ്യാവ് - 59:1 - രക്ഷിപ്പാൻ കഴിയാത്ത വിധം യഹോവയുടെ കൈ കുറുകിപോയിട്ടില്ല."

"ഞാൻ സർവ്വജഡത്തിന്റേയും ദൈവമാകുന്നു. എനിക്ക് കഴിയാത്ത വല്ല കാര്യവും ഉണ്ടോ?" യിരെമ്യാവ് 32:27"

ഉൽപ്പത്തി - 17:1 - ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു. അസാദ്ധ്യ ങ്ങളെ സാദ്ധ്യമാക്കാൻ കഴിയുന്നവനായിരിക്കണം ദൈവം.

**രണ്ട് – ദൈവം സർവ്വവ്യാപിയായിരിക്കണം.**

ലോകം മുഴുവനും നിറഞ്ഞുനിൽക്കുന്ന ഒരു വ്യക്തിക്കു മാത്രമേ തൽസമയത്ത് മനുഷ്യവർഗത്തിന്റെ ഏതു പ്രശ്നത്തിന്മേലും സഹായ ഹസ്തം നീട്ടുവാൻ സാധിക്കുകയുള്ളു. നമ്മെ എപ്പോഴും കണ്ടുകൊണ്ടിരി ക്കുകയും നമ്മോടുകൂടെ വസിക്കുകയും ചെയ്യുന്ന ഒരു ദൈവം അവിടു ത്തേക്കു മാത്രമേ സഹായിക്കുവാൻ കഴിയുകയുള്ളു.

"യിരെമ്യാവ്. 23:24 - ഞാൻ കാണാത്തവിധം മറയത്ത് ഒളിക്കുവാൻ കഴി യുമോ ഞാൻ ആകാശവും ഭൂമിയും നിറഞ്ഞുനിൽക്കുന്ന ദൈവമല്ലയോ."

ഇങ്ങനെഭൂമി മുഴുവനായും നിറഞ്ഞുനിൽക്കുന്ന ഒരുവനെയത്രെ നാം ദൈവം എന്ന് വിളിക്കേണ്ടത്.

"അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിന് നഗ്നവും തുറന്നതുമായി കിടക്കുന്നു. എബ്രായർ - 4:13"

"യഹോവയുടെ കണ്ണ് എല്ലായിടത്തും ഉണ്ട്. ആകാത്തവരേയും നല്ലവരേയും അവൻ നോക്കിക്കൊണ്ടിരിക്കുന്നു. സദൃശ്യ - 15:3"

സങ്കീ. 139:2 - ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും ദൈവം അറിയു ന്നു.

**മൂന്ന് – ദൈവം സർവ്വജ്ഞാനി ആയിരിക്കണം.**

തന്നോട് പ്രാർത്ഥനയിലൂടെ ആവശ്യപ്പെടുന്ന കാര്യങ്ങളെ മനസി ലാക്കി നിവർത്തിച്ചുകൊടുപ്പാൻ കഴിയുന്നവനായിരിക്കണം ദൈവം. ഇന്ന് ലോകത്ത് 850 കോടിയോളം ജനങ്ങൾ ഉണ്ട്. ആയിരക്കണക്കിന് ഭാഷകളിൽ ജനം ദൈവത്തോട് പ്രാർത്ഥിക്കുന്നു. ഭാഷകൾ തിരിച്ചറിയാത്തവന് എങ്ങനെ പ്രാർത്ഥനക്ക് മറുപടി നൽകുവാൻ കഴിയും. അതുകൊണ്ടു തന്നെയാണ് ദൈവം എന്ന വ്യക്തി എല്ലാ ഭാഷകളും തിരിച്ചറിയുന്നവനും സകല മനുഷ്യരു ടേയും ഹൃദയവിചാരങ്ങളെപ്പോലും ഗ്രഹിക്കാൻ കഴിയുന്നവനുമായിരിക്ക ണം എന്ന് പറയുന്നത്.

യഹോവയായ ഞാൻ ഹൃദയത്തെ ശോധനചെയ്ത്, അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുവനും അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവിധം കൊടുക്കുന്നു." യിരെമ്യാവ് - 17:10.

മത്തായി. 9:4 - യേശു അവരുടെ നിരൂപണം ഗ്രഹിച്ച് നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ദോഷം നിരൂപിക്കുന്നത് എന്ത് എന്ന് ചോദിച്ചു. (സർവ്വജ്ഞാനി)

മത്തായി 12:36 - മനുഷ്യൻ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവ സത്തിൽ കണക്കുകൊടുക്കേണ്ടി വരും.

അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോ ചനകൾ വെളിപ്പെടുത്തും. 1.കൊരിന്ത്യർ. 4:5. "സങ്കീ. 139:2 എന്റെ നിരൂപണം നീ ദൂരത്തു നിന്ന് ഗ്രഹിക്കുന്നു."

"ദൈവം സകലഹൃദയങ്ങളെയും പരിശോധിക്കുകയും വിചാരങ്ങളും നിരൂപ